## കത്തുകൾ

# കമ്യൂണിസത്തിന്റെ അപചയം

**കമ്യൂണിസത്തിന്** ശോഭനമായ ഭാവിയുണ്ടാകുമെന്ന ധാരണ സ്വപ്നസമാനമായ, നടക്കാത്ത ഒരാഗ്രഹം മാത്രമാണെന്ന് കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ ജീർണത ദിനംപ്രതി വ്യക്തമാക്കിത്തരുന്നു.

സാമൂഹികജീവിയായ മനുഷ്യന് സൃഷ്ടികർത്താവിനോടും സമൂഹത്തോടും ബാധ്യതകളുണ്ട്. പരസ്പര സഹകരണം, നീതിബോധം (ഏകപക്ഷീയമല്ല), സ്നേഹം, ദയ, വിട്ടുവീഴ്ച, ബന്ധങ്ങൾ, ബാധ്യതകൾ, സമ്പത്തിന്റെ ശരിയായ സമാഹരണം-വിതരണം എന്നിവയെക്കുറിച്ച് എന്ത് മാനവിക മാർഗനിർദേശങ്ങളാണ് ഈ മാർക്സിസ്റ്റ് പ്രസ്ഥാനങ്ങൾക്കുള്ളത്? ഉള്ള ധാർമികബോധം തന്നെ മതദർശനങ്ങളിൽനിന്ന് കടംകൊണ്ടവയാണ് (ഉദാ: വിവാഹം, കുടുംബബന്ധങ്ങളുടെ പിന്തുടർച്ച). ചുരുക്കത്തിൽ, കമ്യൂണിസ്റ്റ് സിദ്ധാന്തങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും തകർച്ച അവരുടെ ആദർശപാപ്പരത്തത്തിന്റെ ഭാഗമാണ്.

സാമൂഹിക സാഹചര്യങ്ങളെ വിലയിരുത്തുന്നതിൽ നന്മ/തിന്മ പരിഗണന കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾക്കില്ല. ലാഭനഷ്ടത്തിന്റെ സാമ്പത്തിക മാനദണ്ഡം മാത്രമേയുള്ളൂ. സാമൂഹിക തിന്മകളായ പലിശ, മദ്യം, ലോട്ടറി, ചൂതാട്ടം, വ്യഭിചാരം തുടങ്ങിയ കാര്യങ്ങളിലെടുക്കുന്ന നിലപാടുകൾ ഇത് വ്യക്തമാക്കുന്നു.

പാർട്ടി ഗ്രാമങ്ങളിലെ നീതി കാട്ടുനീതിയല്ലേ? തങ്ങളുടെ ആദർശം സത്യവും ഭദ്രവുമാണെങ്കിൽ മറ്റുള്ളവരെ ഭയക്കുന്നതെന്തിന്? കട്ടൻചായയും പരിപ്പുവടയും പിന്നിട്ട് നായ്ക്കുരണപൊടിയും വടിവാളും കഴിഞ്ഞ് മുതലാളിത്തത്തിന്റെ സ്വർഗീയാരാമങ്ങളിൽ രമിക്കുന്നവരായി മാറിയിരിക്കുന്നു ഇപ്പോൾ വൈരുധ്യാത്മക ഭൗതികവാദികൾ.

**സൈനുദ്ദീൻ കരിവെള്ളൂർ**

# സിനിമയിൽ ശ്രദ്ധിക്കേണ്ടത്

**ഒരു** സൃഷ്ടി അതിന്റെ ഘടനയോട് നീതി പുലർത്തിയാവണം സൃഷ്ടിക്കേണ്ടത്. പല്ലവി, അനുപല്ലവി, ചരണം എന്നിങ്ങനെയാണ് പാട്ടിന്റെ ഘടനയെങ്കിൽ, നേരെ തിരിച്ച് സംഗീതം നൽകി പാടിയാൽ അംഗീകരിക്കാനാവുമോ? സിനിമക്കും ഇത് ബാധകമാണ്.

ഒരു സിനിമയുടെ നട്ടെല്ല് അതിന്റെ തിരക്കഥയാണ്. തിരക്കഥയുടെ ഘടന Exposition, Complication, Claimax, Conclution & Resolution എന്നിങ്ങനെയാണ്. എക്സ്പൊസിഷൻ -സ്ഥലകാലബോധം, പശ്ചാത്തലം, കഥയുമായും കഥാപാത്രങ്ങൾ തമ്മിൽ തമ്മിലുമായുള്ള ബന്ധം ഇവ പ്രേക്ഷകനെ ആദ്യമേ പരിചയപ്പെടുത്തുന്ന രീതിയാണ്. മൂന്ന് കഥാപാത്രങ്ങൾ പ്രത്യക്ഷപ്പെട്ടു. ഒരാൾ അഛനും മറ്റുള്ളവർ അഛന്റെ മക്കളുമാണ്. അഛൻ റിട്ടയേർഡ് ഉദ്യോഗസ്ഥനും മക്കൾ വെവ്വേറെ തസ്തികകളിൽ ജോലിചെയ്യുന്നവരുമാണ്. ഇത് കൃത്യമായി ബോധ്യപ്പെടുത്തുക, ഇഴഞ്ഞിഴഞ്ഞ് ബോധ്യപ്പെടുക, കലാപരമായി ബോധ്യപ്പെടുത്തുക എന്ന ഏത് രീതിയും സ്വീകരിക്കാം. എന്നാൽ ഒടുവിൽ പറഞ്ഞ രീതിയാണ് അഭികാമ്യം. സിനിമയുടെ തുടക്കത്തിൽ ഈ ബോധ്യം നടക്കണം. പ്രേക്ഷകന് മുമ്പിൽ ഒരു കഥാപാത്രം പ്രത്യക്ഷപ്പെട്ടാൽ ആരാണ് നീ എന്ന് ഒന്നാമതും, അത് കഴിഞ്ഞാൽ എന്താണ് വിഷയം എന്ന് രണ്ടാമതും ചിന്തിക്കും. ശേഷമാണ് കോംപ്ലിക്കേഷനാരംഭിക്കേണ്ടതും ക്ലൈമാക്സും. കഥയിൽ കോംപ്ലിക്കേഷനാരംഭിക്കുകയും എക്സ്പൊസിഷൻ പൂർണമാവാതിരിക്കുകയും ചെയ്യുന്നത് ശരിയായ രീതിയല്ല. റസല്യൂഷനും കൺക്ലൂഷനും ക്ലൈമാക്സിന് മുന്നിലാവാനും പാടില്ല.

മറ്റൊന്ന് ദൃശ്യശ്രാവ്യ സൃഷ്ടികൾ മനുഷ്യർക്ക് മുഴുവനും ഗ്രഹിക്കാനുതകുന്നതാകണം എന്നതാണ്. ശ്രോതാക്കളും പ്രേക്ഷകരും അതിൽനിന്ന് ആവശ്യമുള്ളത് എടുക്കട്ടെ. ഒരു ഗാനം കേൾക്കുമ്പോൾ ചിലർ മാത്രം കേട്ടാൽ മതിയെന്നും മറ്റുള്ളവർ കേൾക്കേണ്ടതില്ലെന്നും പറഞ്ഞാലുള്ള സ്ഥിതി ദയനീയമാണ്. അതുപോലെ സിനിമ ഒരു വിഭാഗം ആളുകൾക്ക് മാത്രമായിത്തീരുന്നതും ദയനീയമല്ലേ?

സി.ഡി സിനിമകൾ ടെലികാസ്റ്റ് ചെയ്യാൻ പറ്റുന്നവയുമാവണം. ഒരു ചാനലിനും സ്വീകാര്യമാവാതെ പോകുന്നത് ശരിയല്ല. പൂനെ, അഡയാർ തുടങ്ങിയ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടുകളിൽനിന്ന് വർഷങ്ങളോളം സാങ്കേതികവശങ്ങൾ പഠിച്ചിട്ടാണ് സിനിമാരംഗത്തേക്ക് പലരും കടന്നുവരുന്നതെന്നത് കാണാതെ പോകരുത്.

ദൃശ്യമാധ്യമരംഗത്തെ പ്രതീക്ഷകളെ കൊച്ചാക്കുകയല്ല ഉദ്ദേശ്യം. ആവശ്യമായ പഠനം വേണമെന്ന് ഓർമിപ്പിക്കുകയാണ്. തിരക്കഥ നന്നായാൽ മാത്രം സിനിമ നന്നായി എന്ന് പറയാനാവില്ല. സാങ്കേതിക തകരാറുകൾ സംഭവിച്ചാലും അത് തകരും.

എം. നൗഷാദും ജമീൽ അഹ്മദും എഴുതിയതിന് അനുബന്ധമായി ചിലത് കുറിച്ചുവെന്ന് മാത്രം.

**അബ്ബാസ് മാള**




# ചക്രശ്വാസം വലിക്കുന്ന മാപ്പിളപ്പാട്ടുകൾ

**മാപ്പിളപ്പാട്ടുകൾ** മലയാളിയുടെ ഉൾത്തുടിപ്പായിരുന്നിട്ടുണ്ട്. പടപ്പാട്ടുകളും മദ്ഹ് പാട്ടുകളും ജീവിതത്തിന് ചൂരും ചുണയും പകർന്നു. ഒപ്പന, കോൽക്കളി, ദഫ്മുട്ട് എന്നീ കലാരൂപങ്ങൾക്ക് ചാരുതയേകുന്നത് മാപ്പിളപ്പാട്ടുകളാണ്. മാപ്പിള സാഹിത്യത്തിന്റെ ന്യൂക്ലിയസത്രെ മാപ്പിളപ്പാട്ടുകൾ. ഒട്ടേറെ ശൈലികളും പദങ്ങളും കൈരളിക്ക് അതു സംഭാവന ചെയ്തു. പോരിശ, ഓശാരം, ബങ്കീശം, ബേജാറ്, നേശം, നാമൂസ്, മൊഞ്ച്, പിരിശം, പട്ടാങ്ങ് എന്നിവ ഉദാഹരണങ്ങൾ. ഇതോടൊപ്പം ഒട്ടേറെ അറബി പദങ്ങളും മലയാളിസമൂഹത്തെ സ്വാധീനിച്ചു. ഭക്തി, പ്രേമം, യുദ്ധം, ചരിത്രം, ആദർശം എന്നിവക്കുപുറമെ മാനവീയത, മതസൗഹാർദം എന്നീ പ്രമേയങ്ങളും മാപ്പിളപ്പാട്ടുകളിൽ വിഷയീഭവിക്കുകയുണ്ടായി. അറബി-മലയാള സംസ്കാരങ്ങളുടെ കൂടിക്കലരായി മാപ്പിളപ്പാട്ടുകളിലെ ഇരു ഭാഷകളുടെയും വേഴ്ചയെ കാണാം. 'ഒപ്പനച്ചായൽ' എന്ന വൃത്തത്തിന് അറബിയിലെ 'മദീദ്' എന്ന വൃത്തത്തോടും 'തൊങ്കലി'ന് 'റജ്സി'നോടും താദാത്മ്യമുള്ളതായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.

1607-ൽ ഖാദി മുഹമ്മദ് രചിച്ച മുഹ്‌യിദ്ദീൻ മാല, മാലപ്പാട്ടുകൾക്ക് തുടക്കമിട്ടു. മഹാകവി മോയിൻകുട്ടി വൈദ്യരുടെ ആഗമനം ഇശലുകളുടെ പെരുമഴക്കാലത്തിന് നാന്ദികുറിച്ചു. ടി. ഉബൈദ്, പി.ടി അബ്ദുർറഹ്മാൻ തുടങ്ങിയവർ മാപ്പിളപ്പാട്ടിന് മലയാളത്തനിമ പകർന്ന കവികളായിരുന്നു. യു.കെ അബൂസഹ്‌ല മാപ്പിളപ്പാട്ടുകളെ ആദർശതലങ്ങളിലേക്ക് ആനയിച്ചു.

ദൃശ്യ-ശ്രാവ്യമാധ്യമങ്ങളുടെ പ്രചാരത്തോടെ മുതലാളിത്തത്തിന്റെ ജീർണതകൾ മാപ്പിളപ്പാട്ടുകളെയും ഗ്രസിച്ചു എന്നതാണ് വർത്തമാന വിശേഷം. അശ്ലീല

തയും നിർലജ്ജതയും തുടിച്ചുനിൽക്കുന്ന ‘മാപ്പിള’പ്പാട്ടുകൾ ജനപ്രിയമാകാൻ തുടങ്ങിയതോടെ ഒരു സമൂഹം അഭിമാനപൂർവം നെഞ്ചേറ്റിയ മഹത്തായ ഒരു ഗാനശാഖ ചക്രശ്വാസം വലിക്കുകയാണ്.

**ഖാസിം പടനിലം**

**ആസ്വാദനത്തിന്റെ** മറവിൽ സാംസ്കാരികമായി എത്രത്തോളം തരംതാഴാം എന്നതിന്റെ തെളിവുകളിലൊന്നാണ്, ഇപ്പോൾ വിപണി കൈയടക്കിക്കഴിഞ്ഞ മാപ്പിളപ്പാട്ട് ആൽബങ്ങൾ. ശ്രവ്യ കാസറ്റുകൾ പോലും അൽപം ലജ്ജാബോധമുള്ളവർക്ക് അസഹ്യം. അപ്പോൾ അതിന്റെ ദൃശ്യരൂപത്തിന്റെ കഥയെന്താവും!

ഇവിടത്തെ ഇതര സമുദായങ്ങൾക്ക് പ്രേമവും പ്രേമനൈരാശ്യവും പ്രണയവും പ്രണയസാഫല്യവും വിരഹവേദനകളും വിചാരവികാരങ്ങളും ‘കത്തും മറുപടിയും’ ഒന്നുമില്ല! അവർ കടലിനക്കരെ പോകുന്നില്ല, ഇക്കരെ കാത്തിരിക്കാൻ അവർക്ക് ഭാര്യമാരുമില്ല! ഇതെല്ലാം ഉള്ളത് മാപ്പിളമാർക്കു മാത്രം!

**അലവി വീരമംഗലം**

## ‘വധു’വിനെ വെറുതെ വിടണോ?

**ദൃശ്യഭാഷയെക്കുറിച്ച** ലേഖനങ്ങളും കത്തുകളും വായിച്ചു. ടെലിസിനിമകളെ പ്രോത്സാഹിപ്പിക്കുകയും ആളുകളെ ബോധവത്കരിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന സംരംഭങ്ങൾ നല്ലതുതന്നെ. അത് വ്യക്തികൾ ചെയ്താലും സംഘടനകൾ ചെയ്താലും അംഗീകരിക്കുകയും അഭിനന്ദിക്കുകയും വേണം. അതേസമയം, എം. നൗഷാദ് സൂചിപ്പിച്ചപോലെ ‘പർദയിട്ട് ചിരിച്ചുല്ലസിക്കുന്ന സുന്ദരിമാർ തെരുവോര പർദാ പരസ്യങ്ങളിലും മുഖ്യധാരാ സിനിമകളിലും ഇന്ന് നിരവധിയാണ്. അതൊക്കെ ഇസ്‌ലാമികവും ആസ്വാദനീയവുമാണെന്ന് നമ്മൾ തെറ്റിദ്ധരിച്ചുവോ?’ (ലക്കം: 7) എന്ന ചോദ്യം പ്രസക്തമാണ്. ഇക്കാര്യങ്ങൾ മുഖ്യധാരാ സിനിമകളിലാവുമ്പോൾ വർജ്യവും വ്യക്തികൾ ഇറക്കുന്ന ടെലിസിനിമകളിലോ, ആധികാരികമെന്ന ധാരണയിലിറങ്ങുന്ന ‘വധു’ പോലുള്ളവയിലോ ആവുമ്പോൾ സ്വീകാര്യവുമാകുന്നത് സംശയാസ്പദമാണ്.

സന്മാർഗവും സദാചാരവും നിലനിർത്താൻ പൊരുതുന്നവർക്ക് തന്നെ ‘വധു’വിനെ അവതരിപ്പിക്കാൻ മണിയറയും സ്ത്രീസൗന്ദര്യ കാഴ്ചകളും വേണ്ടിവരുന്നത് നല്ല ലക്ഷണമല്ല. എല്ലാവരും ഇറക്കിക്കളിക്കുന്ന നടിമാരെ മക്കനയിട്ട് രംഗത്തിറക്കുന്നത് വലിയ കാര്യമൊന്നുമല്ല. ടെലിസിനിമാ നിർമാണ രംഗത്തും മറ്റും നാം മുന്നോട്ടു പോവണമെന്നത് ശരി തന്നെ. നാം കാത്തുസൂക്ഷിച്ച മൂല്യങ്ങൾ ഇനിയും സംരക്ഷിക്കപ്പെടണം എന്നത് അതിനേക്കാൾ വലിയ ശരി.

**സി. മുഹമ്മദ് കോയ പാലാഴി**

## പലിശപ്പണത്തിന്റെ ഉപയോഗം

**പലിശയെ** സംബന്ധിച്ച് പണ്ഡിതന്മാരെല്ലാം പറഞ്ഞത് പാവങ്ങൾക്ക് കൊടുക്കാം എന്നാണ് (*പ്രബോധനം* ആഗസ്റ്റ് 4). എന്നാൽ വളരെ നിർബന്ധിത സാഹചര്യത്തിലേ ഹറാമായത് ഉപയോഗിക്കാൻ പാടുള്ളൂ. മുസ്‌ലിംകളിൽ സകാത്ത് കൊടുക്കാൻ ബാധ്യസ്ഥരായവരും ധനാഢ്യരും ദാനധർമത്തിലൂടെ ഹലാലായ പണം തന്നെ പാവപ്പെട്ട മുസ്‌ലിംകൾക്ക് എത്തിക്കേണ്ടതാണ്. കാരണം നാം ഇഷ്ടപ്പെടുന്നത് നമ്മുടെ സഹോദരന്നും ഇഷ്ടപ്പെട്ടാലേ ഒരാൾ യഥാർഥ മുസ്‌ലിമാവൂ. മഹല്ല് തലത്തിൽ പാവങ്ങളെ കണ്ടെത്തി ഉലമാക്കൾ ധനാഢ്യന്മാരുടെ സഹായത്താൽ ചെയ്യേണ്ടതാണിത്. പകരം വ്യക്തികൾ ഹറാമായ പലിശ വാങ്ങി പാവപ്പെട്ട മുസ്‌ലിംകൾക്ക് ഭക്ഷണത്തിനും മരുന്നിനും കൊടുക്കലല്ല. പലിശ, പാവപ്പെട്ട മുസ്‌ലിംകളുടെ ബാങ്കുപലിശ വീട്ടാനും അമുസ്‌ലിംകൾ ഉൾപ്പെടെയുള്ളവരുടെ പൊതു കാര്യങ്ങൾക്കും ഉപയോഗിക്കുകയായിരിക്കും ശരിയായ മാർഗം. അപ്പോൾ പലിശ ഭുജിപ്പിക്കുന്ന തെറ്റിൽനിന്ന് എല്ലാവരും മുക്തരാവും.

**ഡോ. എ. മുഹമ്മദ് കൊപ്പം പട്ടാമ്പി**

## ഖബ്റിസ്താനിലെ കൃഷി

**ഉപയോഗരഹിതമാക്കിയിടുന്ന** ഭൂനിലങ്ങൾ കൃഷിയോഗ്യമാക്കുന്ന കാലം സമുദായത്തിന് വരുമോയെന്ന് ‘കത്തുകളി’ൽ അബ്ദുല്ലത്വീഫ് കൊടുവള്ളി ചോദിക്കുന്നു.

ഞങ്ങളുടെ നാട്ടിലെ ഒരനുഭവം പറയാം. പുരാതനമായ രണ്ട് മുസ്‌ലിം പള്ളികളിലെ ഖബ്റിസ്താനുകളിൽ നൂറുകണക്കിന് തേക്കിൻതൈകൾ ഈ വർഷം വെച്ചുപിടിപ്പിച്ചു. ഒരുപാട് പള്ളികളോടനുബന്ധിച്ച് ഏക്കർ കണക്കിന് സ്ഥലം വെറുതെ കാടു പിടിച്ച് കിടക്കുന്നുണ്ട്. അവിടെ തേക്കു കൃഷി നടത്തുകയാണെങ്കിൽ ഒരമ്പതുവർഷം കഴിഞ്ഞാൽ ഓരോ മഹല്ലിലും വൻ സാമ്പത്തിക അഭിവൃദ്ധിയുണ്ടാകും. പ്രത്യേക പരിചരണങ്ങളൊന്നും തേക്കിന് ആവശ്യമില്ല. രോഗപ്രതിരോധ ശേഷിയുമുണ്ട്. കുറച്ചു വർഷങ്ങൾ വള്ളികൾ ചുറ്റിപ്പിണയുന്നത് ശ്രദ്ധിക്കണം. ഒരു പത്തടി ഉയരം വരെ കൊമ്പു കോതൽ നടത്തണം. പ്രത്യേകിച്ച് വളപ്രയോഗങ്ങൾ വേണമെന്നില്ല. വളരെ അടുത്താണ് വെച്ചതെങ്കിൽ ഇടമുറി നടത്തണം. അകലത്തിൽ വെച്ചാൽ അത് വേണ്ടതാനും. മഹല്ലുകൾ ഇക്കാര്യം ശ്രദ്ധിക്കുമോ?

**വി. മുഹമ്മദ് കോയ ആരാമ്പ്രം**

## സ്വലാത്തും ഇബാദത്തും

**മുസ്‌ലിംകളുടെ** നമസ്കാരത്തിന് ഖുർആനും ഹദീസും ഉപയോഗിച്ച വാക്ക് സ്വലാത്ത് ആണ്. സ്വലാത്ത് എന്നാൽ പ്രാർഥന. നമസ്കാരം നിസ്കാരമായി, നിക്കരിക്കലായി (നിൽക്കലും ഇരിക്കലും). നമസ്കാരമെന്ന് കേൾക്കുമ്പോൾ കൂപ്പുകൈയും മറ്റുമാണ് പുറമെയുള്ളവരുടെ മനസ്സിൽ വരിക. സ്വലാത്ത് എന്നു പറഞ്ഞാലാകട്ടെ ചിലർ നടത്തുന്ന സ്വലാത്ത് മജ്‌ലിസും നാരിയ്യഃ സ്വലാത്ത് പോലെയുള്ള സ്വലാത്തുകളുമൊക്കെയാണ് സാധാരണക്കാരുടെ മനസ്സിലേക്ക് പെട്ടെന്ന് വരിക.

ഇബാദത്തിന് ആരാധനയെന്ന അർഥം ഉറപ്പിച്ചും തറപ്പിച്ചും പറയുന്നത് കേൾക്കുമ്പോൾ തോന്നുക, നബി തിരുമേനി ഒരു സ്വഹാബിയെ ഇബാദത്ത്=ആരാധന എന്നെഴുതി കേരളത്തിലേക്ക് പറഞ്ഞയച്ചിട്ടുണ്ടെന്നാണ്. ആരാധനയെന്നർഥം പ്രചരിക്കുന്നതിനു മുമ്പ് നമ്മുടെ മുൻകാല പണ്ഡിതന്മാർ ‘കലിമ’ക്ക് അർഥം പറഞ്ഞിരുന്നത്, ‘ഇബാദത്ത് ചെയ്യപ്പെടാൻ തരപ്പെട്ടവൻ അല്ലാഹുവല്ലാതെ മറ്റൊരാളില്ല’ എന്നാണ്. അവർക്കറിയാം, ഖുർആനിലെ സാങ്കേതിക പദങ്ങളൊന്നും മലയാളം പോലെയുള്ള ഭാഷകൾക്ക് ഉൾക്കൊള്ളാൻ കഴിയുകയില്ലെന്ന്. ഇബാദത്തിന് വഴിപ്പെടുകയെന്ന് അർഥം പറഞ്ഞാൽ അതിലൊരു ശരിയുണ്ട്.  വഴിപ്പെടുക=വഴിയിൽപെടുക (സ്വിറാത്തുൽ മുസ്തഖീം).

**എം.എ ചിറക്കൽകുളം**

## കുറ്റകൃത്യങ്ങൾ തടയാൻ

**കുറ്റകൃത്യങ്ങൾ** തടയാൻ ജെയിംസ് വടക്കുഞ്ചേരി നിർദേശിക്കുന്ന പരിഹാരം (ലക്കം: 9) വിപരീതഫലമേ ചെയ്യൂ. മാധ്യമങ്ങൾ കുറ്റവാളികളെ കണ്ടെത്തി പരസ്യമായി വിചാരണ ചെയ്യുന്നതോടെ അവർ രഹസ്യമായി ചെയ്തുകൊണ്ടിരുന്ന കുറ്റകൃത്യങ്ങൾ പരസ്യമായി ചെയ്യാനുള്ള ആർജവം നേടുന്നു. അതോടെ അവർ ആജീവനാന്ത കുറ്റവാളികളായി മാറുന്നു.

വൻകുറ്റവാളികൾ ഉന്നതങ്ങളിൽ സ്വാധീനമുള്ളവരാണ്. അതിനാൽ നിയമങ്ങൾ ശക്തിപ്പെടുത്തുന്നതും പരിഹാരമല്ല. ധാർമിക ബോധമുള്ളവരെ സൃഷ്ടിച്ചെടുക്കുകയും അവരുടെ കൂട്ടായ്മകൾ ശക്തിപ്പെടുത്തുകയുമാണ് വേണ്ടത്. അവർ കുറ്റകൃത്യങ്ങളുടെ അടിസ്ഥാനകാരണങ്ങൾ കണ്ടെത്തി അവ ഇല്ലായ്മ ചെയ്യാനുള്ള വഴികൾ ആരായണം. അത് സമൂഹത്തെ ബോധ്യപ്പെടുത്താൻ മാധ്യമങ്ങളെ ഉപയോഗപ്പെടുത്താം. എന്നാലും കുറ്റവാസനയുള്ള പലരും ഉണ്ടാവും. അവരുമായി നിരന്തര സമ്പർക്കം സ്ഥാപിച്ച് ബോധവത്കരിക്കുക എന്നതാണ് ശരിയായ പരിഹാരം. അപൂർവം വ്യക്തികൾ തെറ്റുകളിൽ ഉറച്ചു നിൽക്കുകയും സമൂഹത്തെ വെല്ലുവിളിക്കുകയും ചെയ്തേക്കാം. ഇവരെ നേരിടുന്നതിലാണ് നിയമവും മാധ്യമങ്ങളും പൊതുജനവും ഒന്നിക്കേണ്ടത്.

**ടി.ടി സുമയ്യ അച്ചനമ്പലം**